**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1507** **06/03/2020 -ൽ മറുപടിക്ക്**

**മങ്കട ഗവൺമെന്റ് ആർട്ട്സ്&സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | മങ്കട നിയോജക മണ്ഡലത്തിലെ മങ്കട ഗവൺമെന്റ് ആർട്സ്& സയൻസ് കോളേജിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | പുതിയ കോളേജ് കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | അനുവദിച്ച എം.എൽ.എ. ഫണ്ട് പൂർണ്ണമായും വിനിയോഗി ച്ചിട്ടുണ്ടോ; | (ബി) | കോളേജ് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്ന് 44896764/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ അഞ്ചു പാർട്ട് ബില്ലുകളിലായി 37689435/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | കരാർ ഉടമ്പടി പ്രകാരം മുഴുവൻ നിർമ്മാണ പ്രവൃത്തികളും കിഡ്കോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (സി) | കോളേജ് നിർമ്മാണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ കരാർ ഉടമ്പടി പ്രകാരമുള്ള മുഴുവൻ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പദ്ധതി നിർവഹണ ഏജൻസി ആയ KITCO അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. കരാറിൽ ഉൾപ്പെട്ടതും എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പമ്പ് റൂം, ഫിനിഷിംഗ് വർക്ക്, ജനലുകളുടെ ബാക്കിയുള്ള അലുമിനിയം ഫാബ്രിക്കേഷൻ വർക്ക് , ഡക്ട് റൂം വർക്ക്, ഒന്നാം നിലയുടെ ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തിയാക്കാൻ കഴിയില്ല എന്ന് KITCO അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എം.എൽ.എ. ഫണ്ടിന് പുറമേ കോളേജിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അധിക ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഡി) ഇനി പൂർത്തിയാക്കാനുള്ള പ്രവർത്തികൾക്കായി 1.75 കോടി രൂപയുടെ എസ്റ്റിമേറ്റ് KITCO ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. MLA ഫണ്ടിന് പുറമെ കോളേജിന്റെ നടത്തിപ്പിനായി താൽക്കാലിക കെട്ടിടം നിർമ്മിക്കുന്നതിനായി 14.17 ലക്ഷം രൂപ 2202-03-103-75 CIUP പ്ലാനിൽ നിന്നും അനുവദിച്ചിരുന്നു. കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**